# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ, കുടുംബശ്രീ
## എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം
**(ഹാജർ: ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്.)**

വിഷയം : കുടുംബശ്രീ – എൻ.ആർ.എൽ.എം. – ഗ്രാമ പ്രദേശങ്ങളിലെ തീരദേശ അയൽക്കൂട്ടങ്ങൾക്ക് 2018–2019 സാമ്പത്തിക വർഷം റിവോൾവിംഗ് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നത് – സംബന്ധിച്ച്.

പരാമർശം : 1) 03.08.2017 ലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഇതേ നമ്പർ ഉത്തരവ്

2) എൻ.ആർ.എൽ.എം. വാർഷിക ആക്ഷൻ പ്ലാൻ 2018–2019

***ORDER No. 6261/ M/2017/KSHO DATED 22 .09..2018***

കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായിട്ടുള്ള പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് അവരുടെ അടിയന്തിര ഉപഭോഗ ആവശ്യങ്ങൾ, കുടുംബാംഗങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ, ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ, തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള കടബാധ്യതകൾ തീർപ്പാക്കൽ തുടങ്ങിയവയ്ക്ക് ആവശ്യമായ പിന്തുണ നൽകുകയെന്ന ലക്ഷ്യത്തോടെ ദേശീയ ഉപജീവന മിഷന്റെ ഭാഗമായി കുടുംബശ്രീക്ക് ലഭ്യമായിട്ടുള്ള റിവോൾവിംഗ് ഫണ്ട് വിതരണം ചെയ്യുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) പ്രകാരം 2018–2019 സാമ്പത്തിക വർഷം 1,000 തീരദേശ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിന് അനുമതിയുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കും പ്രകാരം 2018–2019 സാമ്പത്തിക വർഷം തീരദേശ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | ആകെ തീരദേശ അയൽക്കൂട്ടങ്ങളുടെ എണ്ണം | 2017–2018 ൽ ആർ. എഫ്. അനുവദിച്ച തീരദേശ അയൽക്കൂട്ടങ്ങൾ | 2018–2019 ൽ ആർ. എഫ്. അനുവദിച്ച തീരദേശ അയൽക്കൂട്ടങ്ങളുടെ എണ്ണം | അനുവദിച്ച റിവോൾവിംഗ് ഫണ്ട് |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1,465 | 330 | 149 | 2,235,000 |
| 2 | കൊല്ലം | 715 | 146 | 73 | 1,095,000 |
| 3 | ആലപ്പുഴ | 1,209 | 511 | 124 | 1,860,000 |
| 4 | എറണാകുളം | 3,793 | 534 | 388 | 5,820,000 |
| 5 | തൃശൂർ | 324 | 103 | 33 | 495,000 |
| 6 | മലപ്പുറം | 523 | 66 | 53 | 795,000 |
| 7 | കോഴിക്കോട് | 711 | 121 | 73 | 1,095,000 |
| 8 | കണ്ണൂർ | 526 | 124 | 54 | 810,000 |
| 9 | കാസർഗോഡ് | 516 | 65 | 53 | 795,000 |
| | ആകെ | **9,782** | **2,000** | **1,000** | **15,000,000** |

റിവോൾവിംഗ് ഫണ്ടായി ചെലവാകുന്ന തുക ജില്ലാ മിഷനിൽ ലഭ്യമായ എൻ.ആർ.എൽ.എം. ഫണ്ടിലെ ORG 13: RF to Coastal NHG എന്ന ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1) ബന്ധപ്പെട്ട എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2) എല്ലാ ഗ്രാമ തീരദേശ സി.ഡി.എസ്സ് ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)
3) എല്ലാ ഗ്രാമ തീരദേശ സി.ഡി.എസ്സ് മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ മിഷൻ മുഖേന)

**പകർപ്പ്**

1. *അക്കൗണ്ട്സ് സെക്ഷൻ*
2. *കരുതൽ/അധികം*

*ഉത്തരവിൻ പ്രകാരം,*

**അക്കൗണ്ട്സ് ഓഫീസർ**